<u>ഭരണഭാഷ – മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം-01

നം. **HSE/18026/2025-Exam I-2** തീയതി: 18-08-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഹയർസെക്കന്ററി പരീക്ഷാവിഭാഗം - പൊതു പരീക്ഷ ചോദ്യ പേപ്പർ -ചോദ്യപേപ്പർ നിർമ്മാതാക്കളുടെ പൂൾ - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 18.01.2022 തീയതിയിലെ സ.ഉ.(സാധാ) നം.394/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

2025-2026 അദ്ധ്യയന വർഷത്തിലെ പൊതു പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് എല്ലാ വിഷയങ്ങളിലും ഹയർസെക്കന്ററി അധ്യാപകരുടെ ഒരു പൂൾ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പൂളിൽ നിന്നായിരിക്കും ചോദ്യപേപ്പർ സെറ്റർമാരുടെ പാനൽ തയ്യാറാക്കുക.

ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് താല്പര്യമുള്ള അധ്യാപകർ ഇതോടൊപ്പം നൽകിയിട്ടുള്ള ലിങ്ക് ഉപയോഗിച്ച് 03/09/2025-നു മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുമ്പോൾ സർക്കുലറിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഫോം പൂരിപ്പിച്ച് ബന്ധപ്പെട്ട പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി അപ്ലോഡ് ചെയ്യേണ്ടതാണ്. ഹയർസെക്കന്ററി തലത്തിൽ കുറഞ്ഞത് 6 വർഷത്തെ അധ്യാപനപരിചയവും, മൂല്യനിർണ്ണയ പരിചയവും ഉള്ള അധ്യാപകർ മാത്രമേ ഇതിന് അപേക്ഷിക്കാവൂ. 2026-ലെ ഹയർസെക്കന്ററി പരീക്ഷകളിൽ പങ്കെടുക്കുന്ന മക്കളോ അടുത്ത ബന്ധുക്കളോ ഉള്ള അധ്യാപകരും ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിൽ നിന്നും വിലക്കിയിട്ടുള്ള അധ്യാപകരും അപേക്ഷിക്കേണ്ടതില്ല.

അധ്യാപകരുടെ അപേക്ഷകൾ സാക്ഷ്യപ്പെടുത്തുന്ന പ്രിൻസിപ്പൽമാർ, അപേക്ഷകർക്ക് പ്രാവീണ്യവും മികച്ച അക്കാദമിക് പശ്ചാത്തലവും ഉണ്ടെന്നും, അവർ ഏതെങ്കിലും തരത്തിലുള്ള വിവാദങ്ങളിൽ ഉൾപ്പെട്ടിട്ടില്ലെന്നും, പരീക്ഷാ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിന്നിട്ടില്ലെന്നും ഉറപ്പാക്കണം. എസ്സ്സിഇആർടി നടത്തുന്ന ശിൽപശാലകളിൽ പങ്കെടുത്തിട്ടുള്ളവർക്കും, ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളവർക്കും മുൻഗണന

നൽകും. തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർ ചോദ്യപേപ്പറുകൾ നിർമ്മിക്കുന്നതിന് ഡയറക്ടറേറ്റ് അനുശാസിക്കുന്ന എല്ലാ നിയമങ്ങളും കർശനമായി പാലിക്കണം.

പൂരിപ്പിച്ച അപേക്ഷാ ഫോം ഇ-മെയിൽ വഴി അയക്കാൻ പാടില്ല. തിരഞ്ഞെടുക്കപ്പെട്ടവരെ വിവരം അറിയിക്കുന്നതാണ്.

**പാനലിൽ ഉൾപ്പെടുത്തുന്നതിനായി ഏതെങ്കിലും തരത്തിൽ ശുപാർശ ചെയ്യുന്നത് അയോഗ്യതയായി കണക്കാക്കും.**

ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് ഇവിടെ ക്ലിക്ക് ചെയ്യുക

ലിങ്ക് : https://forms.gle/2yTh81w7ezHfppqg9

Signed by
K Manickaraj
Date: 18-08-2025 10:40:27

സെക്രട്ടറി & ജോയിന്റ് ഡയറക്ടർ
ഹയർ സെക്കന്ററി പരീക്ഷാ വിഭാഗം

എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും, അധ്യാപകർക്കും

ഉള്ളടക്കം: അപേക്ഷാ ഫോമിന്റെ മാതൃക (Annexure – 3)

***Annexure - 3***

**GOVERNMENT OF KERALA**

**DIRECTORATE OF GENERAL EDUCATION (HIGHER SECONDARY)**

DETAILS OF THE QUESTION PAPER SETTER

1. Name of the applicant :
2. Subject :
3. Name and address of the institution now working :
4. Residential address :
5. Mobile no. :
6. Teaching experience as HSST as on 31st December. :
7. Teaching experience as HSST(Jr) as on 31st December :
8. Date of Retirement from service. :
9. Higher qualifications, if any :
10. Details of publications, if any :
11. Experience in SCERT as SRG, text book writing etc. with details :

Certified that the particulars stated above are correct to the best of my knowledge and belief and that no disciplinary action has been taken against me nor have I been debarred by any examination board.

Place : Signature :

Date : Name :

The details given by the teacher are verified by me and are found correct

Place : Signature of the Principal

Date :

(School Seal)